# പതിമൂന്നാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1943

17.03.2015-ലെ മറുപടിക്ക്

## ചന്ദ്രബോസ് വധക്കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ബി. സത്യൻ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | ചന്ദ്രബോസ് വധക്കേസ് അന്വേഷണം നടത്തുന്ന പോലീസ്, തുടക്കം മുതലേ പ്രതി നിസാമിനെ രക്ഷിക്കാൻ ശ്രമിച്ചതായുള്ള കൂടുതൽ തെളിവുകൾ പുറത്തുവന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പേരാമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 173/2015 കേസിൽ പ്രതി മുഹമ്മദ് നിഷാമിനെതിരെ സെക്ഷൻ 341, 323, 324, 326, 307, 506(i), 294(b) പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ ഇരയായ ചന്ദ്രബോസ് മരണപ്പെട്ടതിനെ തുടർന്ന് സെക്ഷൻ 307 IPC കുറവ് ചെയ്ത് സെക്ഷൻ 302 IPC കൂട്ടിച്ചേർത്തിട്ടുള്ളതാണ്. ടി കേസിന്റെ ഊർജ്ജിത അന്വേഷണത്തിനും മേൽനോട്ടത്തിനുമായി എ.ഡി.ജി.പി. നോർത്ത് സോണിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ടി കേസിൽ പാളിച്ചകളില്ലാത്ത അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം നോർത്ത് സോൺ എ.ഡി.ജി.പി.ക്കും തൃശ്ശൂർ റേഞ്ച് ഐ.ജി.യ്ക്കും നൽകിയിട്ടുണ്ട്. |
| (ബി) | നിസാമിനെതിരായുള്ള ക്രിമിനൽ കേസുകളുടെ പ്രാഥമിക റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് പൂഴ്ത്തിവയ്ക്കപ്പെട്ടതും ആവശ്യം യഥാസമയം അവഗണിക്കപ്പെട്ടതും സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ; | (ബി) | കത്ത് പൂഴ്ത്തിവയ്ക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രതി നിഷാം സംസ്ഥാനത്തിന് വെളിയിൽ ഉൾപ്പെട്ട കേസുകളുടെ വിവരങ്ങൾ ശേഖരിച്ച് ആയത് കന്നടയിൽ നിന്നും മലയാളത്തിലേക്ക് തർജ്ജമ ചെയ്യാനുണ്ടായ കാലതാമസം മാത്രമേ എടുത്തിട്ടുള്ളൂ. യാതൊരു അവഗണനയും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. |
| (സി) | വധശ്രമം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ ചേർത്ത് കാപ്പ ചുമത്താനുള്ള അപേക്ഷ നൽകാൻ താമസം നേരിട്ടതിന്റെ കാരണം എന്തായിരുന്നെന്ന് വ്യക്തമാക്കുമോ; | (സി) | പ്രതി നിഷാം ഉൾപ്പെട്ടിട്ടുള്ള കേസുകളിലെ വിവരങ്ങൾ സംസ്ഥാനത്തിന്റെ അകത്തുനിന്നും പുറത്തുനിന്നും ശേഖരിച്ച് നിയമവശങ്ങൾ പരിശോധിച്ച് നിയമജ്ഞരുമായി ചർച്ച ചെയ്ത് അപേക്ഷ തയ്യാറാക്കേണ്ട സമയം മാത്രമേ ഇക്കാര്യത്തിൽ എടുത്തിട്ടുള്ളൂ. |

| | |
|---|---|
| (ഡി) ചന്ദ്രബോസിന്റെ വസ്ത്രം ശേഖരിക്കുന്നതിലും മരണമൊഴി എടുക്കുന്നതിലും ഉണ്ടായ വീഴ്ചകൾ അന്വേഷിച്ചിട്ടുണ്ടോ. പോലീസ് കസ്റ്റഡിയിൽ വാങ്ങിയ നിസാമുമായി ബാംഗ്ലൂരിലും തിരുനെൽവേലിയിലും തെളിവെടുപ്പ് യാത്ര നടത്തിയതിന്റെ പിന്നിലെ ദുരൂഹതകൾ അന്വേഷണ വിധേയമാക്കുമോ? | (ഡി) കൊല്ലപ്പെട്ട ചന്ദ്രബോസ് ആശുപത്രിയിൽ പ്രവേശിപ്പിച്ച നാൾ മുതൽ വെന്റിലേറ്ററിലും, വെന്റിലേറ്റർ ഐ.സി.യു.വിലും കഴിഞ്ഞിരുന്നതും മൊഴി നൽകാൻ പ്രാപ്തനല്ലാത്തതും ടിയാൻ വളരെയധികം അത്യാസന്ന നിലയിലായതിനാൽ ടിയാനോട് സംഭവത്തെ കുറിച്ച് ചോദിക്കരുതെന്ന് ഡോക്ടർമാരുടെ നിർദ്ദേശമുള്ളതിനാലും കൊല്ലപ്പെട്ട ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. 29.01.2015-ാം തീയതി ഗുരുതരമായി പരിക്കേറ്റ ചന്ദ്രബോസിനെ തൃശ്ശൂർ അമല ആശുപത്രിയിൽ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചിട്ടുള്ളതാണ്. അടിയന്തിര ചികിത്സ/ഓപ്പറേഷന വേണ്ടി ബന്ധപ്പെട്ടവർ പരിക്കേറ്റ ചന്ദ്രബോസ് ധരിച്ചിരുന്ന വസ്ത്രങ്ങൾ മുറിച്ചുമാറ്റി നീക്കം ചെയ്തിട്ടുള്ളതും ആയത് പോലീസിന് കൈമാറാതെ വേസ്റ്റ് ബിന്നിലിട്ട് കത്തിച്ചുകളയുകയാണുണ്ടായതെന്ന് മനസ്സിലായിട്ടുണ്ട്. തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ രേഖ പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എൽ. 01 ബി.കെ. 8882 എന്ന പോലീസ് വകുപ്പ് വക വാഹനത്തിൽ കേസുമായി ബന്ധപ്പെട്ട തെളിവുകൾ ശേഖരിക്കുന്നതിനും അന്വേഷണം നടത്തുന്നതിനുമായാണ് ബാംഗ്ലൂർ, തിരുനെൽവേലി എന്നീ സ്ഥലങ്ങളിൽ കൊണ്ടുപോയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ